**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലാ നഗരസഭ – ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 3117/2016/തസ്വഭവ — തിരുവനന്തപുരം, തീയതി : 17/11/2016

---

പരാമർശം :
1) 27.10.2016 ലെ സ.ഉ (സാധാ) നം. 2957/2016/തസ്വഭവ
2) പാലാ നഗരസഭ കൗൺസിലിന്റെ 11/11/2016 ലെ 1-ാം നമ്പർ തീരുമാനം
3) പാലാ നഗരസഭാ ചെയർമാന്റെ 16/11/2016 തീയതിയിലെ കത്ത്

**ഉത്തരവ്**

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പാലായിലെ കടപ്പാട്ടൂർ ക്ഷേത്രം ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ധാരാളം തീർത്ഥാടകർ എത്തിച്ചേരുമ്പോഴുണ്ടാകുന്ന അധിക ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് പരാമർശം (2) ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10 ശുചീകരണ തൊഴിലാളികളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ഭക്ത ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി പരാമർശം (1) പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ള തുകയിൽനിന്നും ഇവർക്കുള്ള വേതനം നൽകുന്നതിനും അനുമതി നൽകണമെന്നും പാലാ നഗരസഭ ചെയർപേഴ്സൺ പരാമർശം (3) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവ് സഹിതം വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിലിന്റെ തീരുമാനവും നഗരസഭാ ചെയർമാന്റെ കത്തും പരിഗണിച്ച് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പാലായിലെ കടപ്പാട്ടൂർ ക്ഷേത്രം ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ധാരാളം തീർത്ഥാടകർ എത്തിച്ചേരുമ്പോഴുണ്ടാകുന്ന അധിക ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിലേക്കായി 10 ശുചീകരണ തൊഴിലാളികളെ 179 ദിവസത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ഭക്ത ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾക്കുമായി പരാമർശം (1) പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ള തുകയിൽ

പാലാനഗരസഭയ്ക്ക് അനുവദിച്ച തുകയിൽ നിന്നും ഇവർക്കുള്ള വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അബുൽ കലാം.എം**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പാലാ നഗരസഭ
ചെയർമാൻ, പാലാ നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ